# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3759** **21.06.2018-ൽ മറുപടിയ്ക്ക്**

## സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന് കുറ്റമറ്റതും, കർശനവുമായ രജിസ്ട്രേഷൻ സമ്പ്രദായം സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (എ) | കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കേരള മണിലെൻഡേഴ്സ് ആക്ട് 1958-ൽ നിർവചിക്കപ്പെട്ടിട്ടുള്ള മണിലെൻഡർമാർ ടി നിയമത്തിലെ വകുപ്പ് 3(1) പ്രകാരം ലൈസൻസ് എടുക്കേണ്ടതാണ്. വകുപ്പ് 3(2) പ്രകാരം ഒന്നിലധികം ഷോപ്പുകൾ അഥവാ പ്ലേസ് ഓഫ് ബിസിനസ് ഉണ്ടെങ്കിൽ, അവ ഓരോന്നിനും പ്രത്യേകം ലൈസൻസ് എടുക്കേണ്ടതാണ്. മണിലെൻഡർമാർ വകുപ്പ് 4(2 എ) പ്രകാരം അവർ ഒരു വർഷം കടം കൊടുക്കുന്ന പണത്തിന്റെ അടിസ്ഥാനത്തിൽ 10,000/- രൂപ മുതൽ 3 ലക്ഷം രൂപ വരെ ജാമ്യത്തുകയും ഒടുക്കേണ്ടതാണ്. കേരള മണിലെൻഡേഴ്സ് ആക്ടിന്റെ 4(5), 4(6) എന്നീ വകുപ്പുകൾ പ്രകാരം ടി നിയമത്തിൻ കീഴിൽ നൽകുന്ന ലൈസൻസിന്റെ കാലാവധി, ആയത് നൽകുന്ന വർഷത്തെ അവസാനത്തെ ദിവസം അവസാനിക്കുന്നതും, വർഷാവർഷം പുതുക്കേണ്ടതുമാണ്. അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തി കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ, ലൈസൻസിനായുള്ള അപേക്ഷ ലഭിക്കുമ്പോൾ തന്നെ അതിനെക്കുറിച്ചുള്ള വിവരം അതാത് പ്രദേശത്തെ പോലീസ് അധികാരികളെ കൂടി അറിയിച്ചാൽ, മണിലെൻഡർമാർമാരുടെ പ്രവർത്തനം തുടക്കം മുതൽ പോലീസ് വകുപ്പിനും നിരീക്ഷിക്കാൻ കഴിയുമെന്നതിനാൽ അങ്ങനെയൊരു നിർദ്ദേശം ചരക്കുസേവന നികുതി വകുപ്പിലെ എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബാങ്ക് പലിശക്ക് മുകളിൽ പരമാവധി മൂന്ന് ശതമാനം അധികം മാത്രമെ സ്വകാര്യ പണമിടപാടുകാർ സ്വീകരിക്കാവൂ എന്നും അപ്രകാരം പലിശ നിരക്ക് നിജപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ; | (ബി) | കേരള മണിലെൻഡേഴ്സ് ആക്ട്, 1958 ന്റെ വകുപ്പ് 7(1) പ്രകാരം ഒരു മണിലെൻഡറും ഒരു ലോണിനും കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽ നിന്നും രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. കേരള മണിലെൻഡേഴ്സ് ആക്ട് വകുപ്പ് 18 ഡി(1) പ്രകാരം, ഒരു മണിലെൻഡർ 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ പലിശ ഈടാക്കിയതായി ലൈസൻസിംഗ് അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്ക് മേൽ പിഴ ചുമത്തുകയും ചെയ്യാവുന്നതാണ്. കൂടാതെ, ഏതാനും വർഷങ്ങൾക്കു മുമ്പ് സംസ്ഥാന സർക്കാർ 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി നടപ്പാക്കിയതിലൂടെ മണിലെൻഡർമാരുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കുകയും മണിലെൻഡിംഗ് നിയമം ലംഘിച്ച സ്വകാര്യ പണമിടപാടുകാരുടെ രജിസ്ട്രേഷൻ റദ്ദാക്കുകയോ, പിഴ ഈടാക്കുകയോ ചെയ്തിട്ടുള്ളതുമാണ്. ഈയടുത്ത കാലത്ത്, ചില മണിലെൻഡർമാർ ടി നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ചരക്കുസേവന നികുതി വകുപ്പിലെ എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും ഇതു സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കൊള്ള പലിശക്കാർക്കെതിരെ ഓരോ ജില്ലയിലും ഒരു ജുഡീഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു പരാതി പരിഹാര ഫോറം ഉണ്ടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇപ്പോൾ അത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ